**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം പിൻ– 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ജീവനക്കാര്യം - ഡോ.ശ്രീലക്ഷ്മി എസ് എൽ , അസിസ്റ്റന്റ് സർജൻ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു..

പരാമർശം:- 1. കാരണം കാണിക്കൽ നോട്ടീസ് നം DHS/5327/2024-EA5 തീയതി 07.08.2025

2. കാരണം കാണിക്കൽ നോട്ടീസിന് ഡോ.ശ്രീലക്ഷ്മി എസ് എൽ സമർപ്പിച്ച മറുപടി

**ഉത്തരവ് നം. DHS/5327/2024-EA5 തീയതി.04-02-2026**

1. ഡോ.ശ്രീലക്ഷ്മി എസ് എൽ , (Sreelakshmi S L PEN-964321), 07.09.2023 ന് ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച വ്യക്തിയാണ്.കാസറഗോഡ് ഉദുമ കുടുംബാരോഗ്യ കേന്ദ്രത്തിൽ സേവനത്തിലിരിക്കവെ താങ്കൾ 31.10.2023 നു സീനിയർ റെസിഡൻസി ചെയ്യുന്നതിനായി സർവ്വീസിൽ നിന്നും വിടുതൽ ചെയ്തിരുന്നു .സീനിയർ റെസിഡൻസി കാലയളവിലെ (01.11.2023 മുതൽ 31.10.2024 വരെ )അവധി അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു .

2.എന്നാൽ കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം 31.10.2024 -നു കോഴ്സ് അവസാനിച്ചിട്ടും താങ്കൾ അവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുകയോ , തിരികെ സർവ്വീസിൽ പ്രവേശിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല .

3.ആയതിനാൽ ഇക്കാര്യം വിശദമായി പരിശോധിക്കുകയും വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (1) പ്രകാരം നോട്ടീസ് നൽകിയിരുന്നു. പ്രസ്തുത നോട്ടീസിന് താങ്കൾ ശാരീരിക അവശതകൾ കാരണമാണ് ഹാജരാകാത്തത് എന്ന് മറുപടി പരാമർശം 2 പ്രകാരം ലഭ്യമാക്കിയിരുന്നു .വളരെക്കാലം അനധികൃത ഹാജരില്ലായ്മയിൽ തുടർന്നിട്ട് ആയതിനു കാരണം കാണിക്കൽ നോട്ടീസ് ലഭിക്കുമ്പോൾ ശാരീരിക അവശതകൾ കാരണം ആണ് ഹാജരാകാത്തത് എന്ന വാദം ഉന്നയിക്കുന്നത് അംഗീകരിക്കുവാൻ കഴിയില്ല .ആയതിനാൽ കാരണം കാണിക്കൽ നോട്ടീസിനു നൽകിയ മറുപടി

തൃപ്തികരമല്ല എന്നു വിലയിരുത്തുന്നു .

4. ആരോഗ്യ വകുപ്പ് അവശ്യ സേവന വകുപ്പ് ആണ് .ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളേയും സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന പൊതു ജനങ്ങളേയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല.

5. അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ.ശ്രീലക്ഷ്മി എസ് എൽ അസിസ്റ്റന്റ് സർജന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

6. ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ.ശ്രീലക്ഷ്മി എസ് എൽ, അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Digitally signed by
Reena K J
Date: 04-02-2026
13:03:49

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr. Sreelakshmi S L , Makkattu Veedu ,**

**Kureepuzha,Kavanadu P O ,Kollam-3**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കാസറഗോഡ്

3. മെഡിക്കൽ ഓഫീസർ ഇൻ ചാർജ് കുടുംബാരോഗ്യ കേന്ദ്രം ഉദുമ

കാസറഗോഡ്(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ഫയൽ / കരുതൽ ഫയൽ.